**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**Email: ceekinfo.cee@kerala.gov.in**

**Phone : 0471 2525300**

## പത്രക്കുറിപ്പ്

## KEAM -2024

## കേരള ആയുർവേദ (BAMS), ഹോമിയോപ്പതി (BHMS), സിദ്ധ (BSMS), യുനാനി (BUMS) എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## നാലാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

## നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനും ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, നാഷണാലിറ്റി എന്നിവയിലെ അപാകതകൾ പരിഹരിക്കുന്നതിനും അവസരം

2024-25 അധ്യയന വർഷം സംസ്ഥാനത്തെ ആയുർവേദ (BAMS), ഹോമിയോപ്പതി (BHMS), സിദ്ധ (BSMS), യുനാനി (BUMS) എന്നീ കോഴ്സുകളിൽ പ്രവേശനത്തിനായി 10.12.2024 വിജ്ഞാപന പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുകയും, NTA നടത്തിയ നീറ്റ് (യു.ജി)−2024 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് (യു.ജി)−2024 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് **15.12.2024, 11.59 PM വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാണ്.

2024-25 അധ്യയന വർഷത്തെ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് 10.12.2024 ലെ വിജ്ഞാപന പ്രകാരം പുതുതായി ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ്, നാഷണാലിറ്റി എന്നിവയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനും അപേക്ഷാ ഫീസ് ഒടുക്കുവാനുണ്ടെങ്കിൽ അവ ഒടുക്കുന്നതിനും അവസരം നൽകുന്നു. വിദ്യാർത്ഥികൾക്ക് **15.12.2024, 11.59 PM വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാവുന്നതാണ്.

വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

ജോയിന്റ് കമ്മീഷണർ

പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി

തിരുവനന്തപുരം

13-12-2024